സ്വകാര്യ പ്രചരണത്തിനുവേണ്ടി മാത്രം

ECHOES INDIA

ശ്രീ രാം ചന്ദ്ര മിഷൻ®

സപ്തംബർ 2014 വാല്യം 7, ലക്കം 5

# മണപ്പാക്കത്തുനിന്നുള്ള വാർത്തകൾ

## 2014 ജൂലായ്

**ജൂലായ് 4, വെള്ളിയാഴ്ച്ച: മാസ്റ്ററുടെ ദ്വാരക അപ്പാർട്മെൻറ് സന്ദർശനം**

പനി കാരണം ഒരാഴ്ചയിലധികം അസുഖബാധിതനായ കമലേഷ് ഭായിയെ സന്ദർശിക്കാൻ മാസ്റ്റർ തീരുമാനിച്ചു. മണപ്പാക്കം ആശ്രമത്തിൻെറ തൊട്ട്പിന്നിൽ സ്ഥിതിചെയ്യുന്ന കെട്ടിടസമുച്ചയത്തിൽ ഗോൾഫ്കാർട്ടിൽ അദ്ദേഹം പോയി. പോകുന്ന വഴിയിൽ അഭ്യാസികളുടെ ആശംസകൾ, ചോദ്യങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവയ്ക്ക് മറുപടി നൽകുവാനായി അദ്ദേഹം പലപ്പോഴും പതിയെയാണ് സഞ്ചരിച്ചത്.

ലിഫ്റ്റിൽനിന്നിറങ്ങിയ മാസ്റ്ററെ കമലേഷ്ഭായ് അഭിവാദ്യം ചെയ്തു. കമലേഷ്ഭായിയുടെ വീട്ടിലെ ഫോട്ടോകൾ, പ്രത്യേകിച്ച് ബാബുജിയുടെത് മാസ്റ്റർ കണ്ടാസ്വദിക്കുന്നുണ്ടായിരുന്നു. ശ്രീകൃഷ്ണനുമായി ചെറിയ സാദൃശ്യമുള്ള ഒരു ബുദ്ധപ്രതിമയും അവിടെയുണ്ടായിരുന്നു. 'ബുദ്ധ കൃഷ്ണ' എന്നാണ തറിയപ്പെടുന്നത്. ഹാളിൽ ഏതാനും അഭ്യാസികൾക്ക് നടുവിൽ അദ്ദേഹം കുറച്ച്സമയം ചെലവഴിച്ചിട്ട് പറഞ്ഞു, "ഒരു പൂവിനുചുറ്റും എപ്രകാരമാണോ വണ്ടുകൾ, അപ്രകാരം അഭ്യാസികൾ എല്ലായ്പ്പോഴും എൻെറയടുക്കലുണ്ടാകും." അതിനുശേഷം നടന്ന അനൗപചാരിക സംഭാഷണത്തിൽ അദ്ദേഹം തൻെറ യൂറോപ്യൻയാത്രകളിലെ സംഭവങ്ങൾ ഓർത്തെടുത്തു. ഒരിക്കൽ മാസ്റ്റർ എങ്ങോട്ടോ കാറിൽ പോകാനിരിക്കെ, ഒരഭ്യാസി തൻെറ ബാഗ് മറന്നുവെച്ചു. തുടർന്ന് സംഭവിച്ച വേറെ രണ്ട്കാര്യങ്ങളും ആ യാത്ര തടസ്സപ്പെടുന്നതിന് കാരണമായി. മാസ്റ്റർ ആ യാത്ര അപ്പോൾ അവിടെവെച്ച് വേണ്ടെന്നുവെച്ചു. പല അനുകൂല സംഗതികളും തത്ഫലമായുണ്ടായി. ഈ ഉദാഹരണങ്ങളെല്ലാം നമുക്ക് അദ്ദേഹത്തിൻെറ ജീവിതത്തിൽനിന്ന് പഠിക്കാനുതകുന്നവയാണ്.



കമലേഷ്ഭായിയുടെ വീട്ടിൽ നിന്നും അദ്ദേഹം ആ കെട്ടിടത്തിലെ മറ്റെല്ലാ വീടുകളും സന്ദർശിച്ചു. അവയിലെല്ലാം അഭ്യാസികളായിരുന്നു താമസിച്ചിരുന്നത്. ഓരോ വീട്ടിലും കുറച്ച്സമയം ചെലവഴിച്ച അദ്ദേഹത്തെ ഓരോരുത്തരും ഊഷ്മളമായി സ്വീകരിച്ചു. ഈയിടെയായി അസ്വസ്ഥനായിരുന്ന മാസ്റ്റർ പറഞ്ഞിരുന്നു, "ഞാൻ ഒരേസ്ഥലത്ത് തന്നെ വളരെ നാളുകളായി അടച്ചിടപ്പെട്ടിരിക്കുന്നു." അതുകൊണ്ടുതന്നെ ഈ സന്ദർശനം അദ്ദേഹത്തിനു സ്വാഗതാർഹമായ ഒരു മാറ്റം സമ്മാനിച്ചു. എന്നാൽ തിരികെ കോട്ടേജിലെത്തുമ്പോൾ അദ്ദേഹം ഏറെ ക്ഷീണിതനാവുകയും വിശ്രമിക്കേണ്ടിവരികയും ചെയ്തു. പുറത്ത്പോകാനും, യാത്ര ചെയ്യാനുമുള്ള മാസ്റ്ററുടെ ഉത്കടമായ ആഗ്രഹത്തെപ്പറ്റിപ്പറയുമ്പോൾ കോട്ടേജിനുള്ളിൽ എല്ലാവരും പരാമർശിക്കുന്നത് പ്രശസ്തമായ ചൊല്ലാണ്, 'ദേഹിയിച്ഛിക്കുന്നുണ്ടെങ്കിലും ദേഹത്തിന് സാധിക്കുന്നില്ല.'



**ജൂലായ് 6, ഞായർ:** ഒരു പിയാനോ: പ്രാതലിനും പത്രവായനക്കും ശേഷം മാസ്റ്റർ കോട്ടേജിനുവെളിയിൽ വന്ന് അൽപനേരം വെയിൽകാഞ്ഞു. പിന്നീടദ്ദേഹം ഒരു സഹോദരൻെറ പിയാനോ വായന കേൾക്കാൻ താത്പര്യപ്പെട്ടു. ഹാളിലിരുന്ന് മാസ്റ്റർ ആ സഹോദരൻെറ പിയാനോവായന ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും ആസ്വദിക്കുകയും ചെയ്തു. അതിനുശേഷം ഒമേഗസ്കൂളിൽ പഠിക്കുന്ന ഒരു



ചെറിയ പെൺകുട്ടിയും പിയാനോ വായിച്ചു.

നമ്മുടെ അഭ്യാസികൾക്ക് ഇത്ര നന്നായി പിയാനോ വായിക്കുവാൻ കഴിവുണ്ടെന്നറിഞ്ഞതിൽ മാസ്റ്റർ വളരെ സന്തോഷവനായി. അദ്ദേഹം ഇങ്ങനെ പറഞ്ഞു, "ഒരു പിയാനോ വാങ്ങണമെന്നത് വളരെനാളത്തെ എൻെറ ആഗ്രഹമാണ് പക്ഷെ അതിതുവരെ സംഭവിച്ചില്ല. ഇവിടെയൊരു പിയാനോ വെച്ചാൽ നന്നായിരിക്കും.'' നിരവധി അഭ്യാസികൾ ഉത്സാഹത്തോടെ മുന്നോട്ട് വന്ന് പല അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെച്ചു. തുടർന്ന് ഏതാനും ദിവസങ്ങൾക്കുള്ളിൽ കോട്ടേജിലൊരു പിയാനോ സജ്ജീകരിക്കപ്പെട്ടു. ആ സംഗീതോപകരണം കണ്ടപ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷം അദ്ദേഹത്തിൻെറ മുഖത്തിൽ പ്രകടമായിരുന്നു. ഒരഭ്യാസി കുറച്ച് ശകലങ്ങൾ വായിച്ചു, തുടർന്ന് മാസ്റ്ററും ചില സ്വരങ്ങൾ വായിച്ചു. പിയാനോ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ച അദ്ദേഹം അതിനെ നല്ലൊരു ആവരണമിട്ട് സംരക്ഷിക്കണമെന്ന് നിഷ്കർഷിച്ചു. അഭ്യാസികൾക്ക് എപ്പോൾ വേണമെങ്കിലും വന്ന് ഇത് വായിക്കാമെന്നദ്ദേഹം പറഞ്ഞു. തുടർന്നുള്ള ദിവസങ്ങളിൽ നിരവധി അഭ്യാസികൾ വന്ന് വായിക്കുകയും മാസ്റ്ററത് കേൾക്കുകയും ചെയ്തു.

**ശനിയാഴ്ച്ച, ജൂലായ് 12: ഗുരുപൂർണ്ണിമ**
പ്രസാദമർപ്പിച്ചതിന് ശേഷം മാസ്റ്റർ തന്നെ കാണുവാനായി വന്ന ധാരാളം അഭ്യാസികളെ കണ്ടു. തുടക്കത്തിൽ അച്ചടക്കത്തോടെ വന്ന ഓരോരുത്തരെയും മാസ്റ്റർ അനുഗ്രഹിച്ചു. എന്നാൽ മാസ്റ്ററുടെ പാദം തൊട്ട് വന്ദിക്കരുതെന്ന് നിരവധി തവണ അപേക്ഷിച്ചിട്ടും അഭ്യാസികൾ അത് തുടർന്ന് കൊണ്ടേയിരുന്നു. ക്ഷീണിതനാവാൻ തുടങ്ങിയ അദ്ദേഹം, താൻ സത്സംഗം നടത്തണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ ഇനിയെങ്കിലും അത് നിർത്തണമെന്ന് പറഞ്ഞെങ്കിലും അവർ മുന്നോട്ട് തിക്കും തിരക്കുമുണ്ടാക്കി വന്നുകൊണ്ടേയിരുന്നു. ഇത് അവസാനിച്ചപ്പോഴേക്കും മാസ്റ്റർ ഏകദേശം 500 ആളുകളെ കണ്ട് കഴിഞ്ഞിരുന്നു. പിന്നീട് ധ്യാനമന്ദിരത്തിലേക്ക് പോയ അദ്ദേഹം സത്സംഗം നടത്തി. ശേഷം അദ്ദേഹം കോട്ടേജിലേക്ക് പോയെങ്കിലും ധ്യാനമന്ദിരത്തിൽ ഭജനുകളുടെ ആലാപനം തുടരുന്നുണ്ടയിരുന്നു.

**ബുധനാഴ്ച്ച, ജൂലായ് 16, മാസ്റ്റർ ശാരീരികാസ്വാസ്ഥ്യത്തിൽ:** വാരത്തിൻെറ തുടക്കം മുതൽ തന്നെ മാസ്റ്റർക്ക് നല്ല സുഖമില്ലായിരുന്നു. അദ്ദേഹത്തിന് വിടാതെയുള്ള ചുമയും അണുബാധയുമുണ്ടായി. അതിനാൽ കോട്ടേജിലേക്ക് ആരെയെല്ലാം കടത്തിവിടണമെന്ന കാര്യത്തിൽ വളരെ കർശന നിയന്ത്രണമുണ്ടായിരുന്നു. കുറച്ച് ദിവസങ്ങൾക്കുള്ളിൽ അദ്ദേഹത്തിൻെറ ആരോഗ്യനിലയിൽ പുരോഗതിയുണ്ടായി. അദ്ദേഹം ആളുകളോട് സംസാരിച്ച് തുടങ്ങിയിരുന്നു.

**ഞായറാഴ്ച്ച, ജൂലായ് 20:** കമലേഷ് ഭായ് ഞായറാഴ്ച്ച സത്സംഗം നടത്തിയതിനുശേഷം മാസ്റ്ററുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് സംസാരിച്ചു. അഭ്യാസികളോട് ഭണ്ഡാരക്കായി മണപ്പാക്കം ആശ്രമത്തിലേക്ക് പോകുന്നതിന് പകരം തിരുപ്പൂരിലേക്ക് പോകുവാനായി സഹജ് സന്ദേശത്തിലൂടെ അഭ്യർത്ഥിച്ചു.
**ചൊവ്വാഴ്ച്ച, ജൂലായ് 22, മാസ്റ്ററുടെ ജ്യോതിശാസ്ത്ര പ്രകാരമുള്ള പിറന്നാൾ:** ഹൈന്ദവ കലണ്ടർ പ്രകാരം അന്നായിരുന്നു മാസ്റ്ററുടെ പിറന്നാൾ. പക്ഷെ വീണ്ടും പനി വന്നതിനാൽ അദ്ദേഹത്തിന് ആരെയും കാണുവാനോ കിടക്കയിൽ നിന്നുമെഴുനേൽക്കുവാൻ തന്നെയോ സാധിച്ചില്ല. കമലേഷ് ഭായ് 9 മണിക്കുള്ള സത്സംഗം നടത്തി, തുടർന്ന് എ.പി.ദുരൈ രചിച്ച *ലെറ്റേർസ് റ്റു മൈ ക്രിസ്റ്റ്യൻ ഫാമിലി* എന്ന പുസ്തകത്തിൻെറ പ്രകാശനം നടന്നു.





## ഭാരതത്തിലെ സെൻററുകളിൽ നടന്ന പൂജ്യ മാസ്റ്ററുടെ ജന്മദിനാഘോഷങ്ങൾ

നമ്മുടെയെല്ലാം പൂജ്യമാസ്റ്ററുടെ 88–ാം ജന്മദിനാഘോഷം ഇന്ത്യയിലെ എല്ലാ സെൻററുകളിലും തിരുപ്പൂർ ഭണ്ഡാരയിൽ പങ്കെടുക്കുവാൻ പറ്റാത്തവർക്കായി ആഘോഷിക്കപ്പെട്ടു. സത്സംഗങ്ങൾ, ഭജനകൾ, കുട്ടികളുടെ പ്രസംഗങ്ങളും പരിപാടികളും, അഭ്യാസികളുടെ പ്രഭാഷണങ്ങൾ മുതലായവ യായിരുന്നു എല്ലായിടത്തും നടന്ന ആഘോഷങ്ങളിലെ മുഖ്യപരിപാടികൾ. വഡോദര, ഭിൽവാഡ, കോൽക്കത്ത, ഘരഖ്പൂർ, ജോധ്പൂർ, ശ്രീ ഗംഗാനഗർ, നവ്സാരി, വത്സാദ്, ഗുൽബർഗ, ആനന്ദ് തുടങ്ങിയ സെൻററുകളിൽനിന്നുള്ള റിപ്പോർട്ടുകളിൽ മാസ്റ്ററുടെ കൃപയും ദിവ്യാനുഗ്രഹങ്ങളും അഭ്യാസികൾക്ക് അനുഭവപ്പെട്ടതായി വിവരിച്ചിരുന്നു.


ഭിൽവാഡ


വത്സാദ്



അലാഹബാദ്


സഹരൺപൂർ



ഘടംപൂർ


ഗുൽബർഗ


ലക്നൗ


ഘരഖ്പൂർ

## ഭാരതത്തിലെ സെൻററുകളിൽ നടന്ന പൂജ്യ മാസ്റ്ററുടെ ജന്മദിനാഘോഷങ്ങൾ (തുടർച്ച)



ജോധ്പൂർ


ശ്രീ ഗംഗാനഗർ


ശ്രീനഗർ

## കുട്ടികളുടെ പങ്കാളിത്തം

കുട്ടികൾ നമ്മുടെ കുടുംബങ്ങളുടെ ഭാഗമാണ്, അവർ സഹജമാർഗ കുടുംബങ്ങളിൽ വളരുമ്പോൾ ആശ്രമപരിപാടികളിൽ പങ്കെടുക്കുവാൻ പഠിക്കുകയും അവരിൽ സൂക്ഷ്മമായി മാസ്റ്ററുടെ ബോധനങ്ങളും മൂല്യങ്ങളും ഗുണങ്ങളും ആഗിരണം ചെയ്യപ്പെടുകയും ചെയ്യുന്നു. പാട്ടുകളിലും നൃത്തങ്ങളിലും മറ്റ് പരിപാടികളിലുംകൂടി അവർക്കനുഭവപ്പെടുന്ന സ്നേഹം പ്രകടിപ്പിക്കുവാൻ അവർ പഠിക്കുന്നു. അവർ ഇത്തരത്തിലുള്ള യോഗങ്ങളുടെ അന്തരീക്ഷത്തിൽ ചൈതന്യം പകരുകയും നമ്മളെല്ലാവരിലും സന്തോഷവും സ്നേഹവും നിറയ്ക്കുകയും ചെയ്യുന്നു.


കൊൽക്കത്ത


വത്സാഡ്




വഡോദര


ഗുൽബർഗ


ലക്നൗ

"കൈക്കൊള്ളുവാൻ തയ്യാറായിവരുന്നവർക്ക് വാരിക്കോരി കൊടുക്കുവാൻ ഞാൻ എല്ലായ്പ്പോഴും തയ്യാറാണ്. എന്നാൽ ഇതുവരെ ഒരാളും സ്വന്തം പാത്രം വക്ക്വരെ നിറക്കുവാൻ മുന്നോട്ടു വന്നതായി തോന്നുന്നില്ല. ഞാൻ അഭ്യാസികളോട് എന്നിലുള്ളതെല്ലാം കവർന്നെടുക്കുവാനും, അവർക്കുള്ളതെല്ലാം തിരികെ നൽകുവാനും പലപ്പോഴും നിർദ്ദേശിച്ചിട്ടുണ്ട് ന്യായമായ മാറ്റക്കച്ചവടം ഒരു കൊള്ളയല്ല."

ബാബുജി മഹാരാജ്
രാം ചന്ദ്രയുടെ സമ്പൂർണ്ണ കൃതികൾ, വാല്യം 2, പേജ് 13






## ജോയിൻറ് സെക്രടറിയുടെ കർണാടകയിലെ ഹുബ്ലി സന്ദർശനം

മിഷൻെറ ജോയിൻറ് സെക്രടറി എ.പി.ദുരൈ ആഗസ്റ്റ് 8 മുതൽ 10 വരെ ഹുബ്ലി സന്ദർശിച്ചു. നഗരത്തിൽ നിന്നും 12 കിലോമീറ്റർ അകലെയുള്ള പുതിയ ആശ്രമഭൂമി അദ്ദേഹം രാവിലെ സന്ദർശിച്ചു. ഉച്ചയ്ക്കു ശേഷം ഈ പദ്ധതിയുമായി ബന്ധപ്പെട്ടു പ്രവൃത്തിക്കുന്നവരുമായി ചർച്ച നടത്തുകയും സ്ഥലം മെച്ചപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അവരവർ വാങ്ങിയ സ്ഥലത്ത് വീടുകൾ എത്രയും വേഗം പണിയണമെന്നും അല്ലാതിരുന്നാൽ ആശ്രമം ഇത്രയും ദൂരെയുള്ള സ്ഥലത്ത് അസാധ്യമാവുമെന്നും അഭിപ്രായപ്പെട്ടു. ധ്യാനത്തിനു വേണ്ടി ഒരു താത്കാലിക ഷെഡ് നിർമ്മിക്കുവാനുള്ള ഒരു നിർദ്ദേശവും അദ്ദേഹം വെച്ചു. അങ്ങിനെയായാൽ അഭ്യാസികൾ ഇടയ്ക്കിടെ ഇവിടെ വരുന്ന പതിവുണ്ടാവും.

വൈകുന്നേരം അദ്ദേഹം ഗീതാരശ്മിയുടെ വീട്ടിൽ നടന്ന ഗൃഹകൂട്ടായ്മയിൽ പങ്കെടുക്കുകയും സഹജമാർഗത്തിൻെറ അടിസ്ഥാനതത്വങ്ങൾ അവിടെ സന്നിഹിതരായിരുന്ന ആളുകൾക്ക് വിശദീകരിച്ചു കൊടുക്കുകയും ചെയ്തു

ഒൻപതാം തിയ്യതി അദ്ദേഹം കർണാടക യൂണിവേർസിറ്റി ഒഫ് ദാർവാഡിലെ വിവിധ വകുപ്പുകളിലെ ബിരുദ വിദ്യാർത്ഥികൾക്കായി നടത്തിയ സെമിനാറിൽ പങ്കെടുത്തു. ഇവർക്ക് സഹജമാർഗ സിദ്ധാന്തങ്ങൾ വിശദീകരിച്ചു കൊടുത്തു. ലാളിത്യം പാലിയ്ക്കുന്നതിനെക്കുറിച്ചും പ്രലോഭനങ്ങൾ നമ്മുടെ ദിശാബോധത്തെ ബാധിക്കാതെ എങ്ങിനെ നോക്കാമെന്നും അദ്ദേഹം യഥാർത്ഥ ജീവിതോദാഹരണസഹിതം വിശദീകരിച്ചു കൊടുത്തു. ആന്തരികശക്തി ആത്മീയ പരിശീലനത്തിലൂടെ ലഭിക്കുന്നുവെന്നും സ്വയം മനസിലാക്കുമ്പോൾ അതു വർദ്ധിക്കുന്നു എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഹുബ്ലിയിൽ നിന്നും 48 കിലോമീറ്റർ അകലെയുള്ള മുൻഡ്ഗോഡ് നഗരത്തിലെ ഗവൺമൻറ് കോളേജിൽ നടത്തിയ പൊതുസദസ്സിൽ ഡോ. ഗജേന്ദ്ര സിംഗ് (വടക്കൻ കർണാടക സോണൽ ഇൻ ചാർജ്) പങ്കെടുത്തു. നൂറ്റമ്പതിലധികം വിദ്യാർത്ഥികളും അധ്യാപകരും ഈ പൊതുസദസ്സിൽ പങ്കെടുത്തു. ധ്യാനത്തിൻേറയും യഥാർത്ഥ സ്നേഹത്തിൻേറയും യഥാർത്ഥ സന്തോഷത്തിൻേറയും ആത്മദിശാബോധത്തിൻേറയും ആവശ്യകതക്ക് അദ്ദേഹം പ്രഭാഷണത്തിൽ ഊന്നൽ നൽകി.

ഗീതാ കമ്മത്തിൻെറ വീട്ടിൽ വൈകുന്നേരം നടന്ന അനൗപചാരിക സംഭാഷണത്തിൽ ശരിയായി സാധന ചെയ്യേണ്ടതിൻേറയും അഭ്യാസികളിൽ സാഹോദര്യം ഉണ്ടാവേണ്ടതിൻേറയും പ്രാധാന്യത്തെക്കുറിച്ച് സഹോദരൻ ദുരൈ ഊന്നിപ്പറഞ്ഞു.

ഞായറാഴ്ച സത്സംഗിനു ശേഷം അഭ്യാസികൾ പങ്കെടുത്ത ചർച്ചകളുടെ വിഷയങ്ങൾ തിരഞ്ഞെടുത്തത് അദ്ദേഹമായിരുന്നു.

1. നമ്മുടെ വ്യക്തിജീവിതവും തൊഴിലും മറ്റുള്ളവരെ സഹജമാർഗത്തിലേയ്ക്ക് ആകർഷിക്കുന്ന തരത്തിലായിരിയ്ക്കണം.
2. പുതിയ ആശ്രമം നമ്മൾ എങ്ങിനെ ഉപയോഗപ്പെടുത്തണം?
3. ഭൗതിക ജീവിതവും ആത്മീയ ജീവിതവും തമ്മിലുള്ള വേർതിരിവ് കൃത്രിമമാണ്

എന്നീ വിഷയങ്ങൾ അവയിൽ ചിലതു മാത്രം. ഉച്ചഭക്ഷണത്തിനു ശേഷം അഭ്യാസികളുടെ ചോദ്യോത്തര വേളയും കഴിഞ്ഞ് നാലരയ്ക്ക് നടന്ന സത്സംഗോടെ അദ്ദേഹത്തിൻെറ സന്ദർശനത്തിനു സമാപനമാവുകയും ചെയ്തു. അന്നു രാത്രി സഹോ ദുരൈ ബാംഗ്ലൂരിലേയ്ക്ക് പോയി. അദ്ദേഹത്തിൻെറ സന്ദർശനത്താൽ പ്രയോജനം കിട്ടിയ അഭ്യാസികൾ സന്തോഷം രേഖപ്പെടുത്തി.

## ഭോപ്പാലിൽ U-Connect

കോളേജ് വിദ്യാർത്ഥികൾക്കായി ആരംഭിച്ചതാണ് U-Connect പരിപാടി. മദ്ധ്യപ്രദേശിലെ ഇൻഡോറിലും ഭോപ്പാലിലും ആരംഭിച്ച ഈ പരിപാടി ക്രമേണ മറ്റു കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിച്ചുകൊണ്ടിരിയ്ക്കുന്നു.

ഇൻഡോർ കേന്ദ്രത്തിൽ ഒരു പരീക്ഷണം എന്ന നിലയിൽ എട്ടാഴ്ചത്തേയ്ക്ക് പ്രവർത്തനം നടത്തി. സപ്തംബർ മുതൽ പ്രവർത്തനം തുടങ്ങാൻ സന്നദ്ധത അറിയിച്ചു.

ഇൻഡോറിലെ പരിശീലനം കിട്ടിയ സന്നദ്ധ പ്രവർത്തകർ ജൂലൈ പതിമൂന്നാം തിയ്യതി ഭോപ്പാലിലെ സന്നദ്ധ പ്രവർത്തകർക്ക് വേണ്ടി മറ്റൊരു പരിശീലന പരിപാടി സംഘടിപ്പിച്ചു. അവർ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു.

വിദിഷ, മാണ്ടിദീപ്, റൈസൻ, സെഹൊരെ, നരസിങ്ഗരഹ് എന്നീ കേന്ദ്രങ്ങളിൽ നിന്നുമുള്ള അഭ്യാസികളും ഈ പരിശീലനപരിപാടിയിൽ പങ്കെടുത്തിരുന്നു.

സോണൽ കോഓർഡിനേറ്റർ യാമിനി കർമാർകർ, രാജേഷ് രവേർകർ, നിർമൽ ഡാഗ്ഡേ, രമാകന്ത് അഗർവാൾ എന്നിവർ സംസാരിക്കുകയും U-Connectനെക്കുറിച്ചു വിവിധ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു.

കോളേജുകളിലേയ്ക്ക് പോവുന്നതിനു മുൻപ് സമീപ കേന്ദ്രങ്ങളിൽ ഈ പരിപാടിയുടെ ട്രയൽ നടത്തുവാൻ ആസംഘം ആവശ്യപ്പെട്ടു. കോളേജുകളിലും യൂണിവേഴ്സിറ്റികളിലും നടപ്പിലാക്കേണ്ട സ്വയം വികാസം പ്രാപിക്കുന്നതിനുള്ള പാഠ്യപദ്ധതിയെപ്പറ്റി ചർച്ച ചെയ്തു.

ഉടൻ തന്നെ ഇവരുടെ പ്രവർത്തനമാരംഭിക്കുമെന്ന ഉറപ്പോടെ സെൻറർ ഇൻ ചാർജ് പരിപാടിക്ക് സമാപനം കുറിച്ചു.

## യൂത്ത് പ്രോഗ്രാമുകൾ

### യുവാക്കളെ പ്രചോദിപ്പിക്കൽ, ഇൻഡോർ



യുവാക്കൾക്കു വേണ്ടി ഹൃദയവാണി എന്ന ശീർഷകത്തിൽ ഒരു പരിപാടി ഇൻഡോർ സെൻററിൽ സംഘടിപ്പിക്കുകയുണ്ടായി. ദേവാസ് സെൻററിലെ പ്രിഫക്റ്റും സെൻറർ ഇൻ ചാർജും ഒരു ഡോക്റ്ററുമായ വികാസ് ഷിയുർകർ അദ്ദേഹത്തിൻെറ ജീവിതാനുഭവങ്ങൾ പങ്കുവെച്ചു.

ഒരു ടോക്ക്ഷോയുടെ രൂപത്തിലായിരുന്നു ഈ പരിപാടി ആസൂത്രണം ചെയ്തത്. അതിനെ തുടർന്ന് ഒരു ചോദ്യോത്തരവേള ഉണ്ടായിരുന്നു. രാജേഷ് രവേർകർ സഹോദരൻ വികാസുമായി അഭിമുഖസംഭാഷണം നടത്തി. ഇതിൽ അദ്ദേഹത്തിൻെറ ജീവിതത്തിലെ വിവിധ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിച്ചു. മാസ്റ്ററുമായുള്ള അനുഭവങ്ങൾ, ഒരു ഗവർമൻറ് ജോലിക്കാരൻ എന്ന നിലയിലും ഒരു ചെറുപ്പക്കാരനായ അഭ്യാസി എന്ന നിലയിലും അദ്ദേഹത്തിനു അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള പ്രശ്നങ്ങൾ, അഴിമതി ഒരു ആചാരമായി മാറിയ സന്ദർഭം എന്നിവയെപ്പറ്റി ആയിരുന്നു ചോദ്യങ്ങൾ. സഹോദരൻ വികാസ് അദ്ദേഹത്തിൻെറ അനുഭവങ്ങളും വിചാരങ്ങളും, തൻെറ ജീവിതത്തെ സഹജമാർഗം എങ്ങനെ സഹായിച്ചു എന്നതിനെപ്പറ്റിയും പങ്കുവെച്ചു. അദ്ദേഹത്തിൻെറ മനോഹരമായ ഒരു സന്ദേശം എന്തായിരുന്നു എന്നുവെച്ചാൽ നമ്മൾ വളരുന്തോറും മാസ്റ്ററുടെ കാരുണ്യം കൊണ്ട് നമ്മുടെ ചുറ്റുപാടുമുള്ള എല്ലാത്തിനോടും എല്ലാവരോടും സഹിഷ്ണുത കൂടി കൂടി വരും എന്നതായിരുന്നു. സേവനത്തെപ്പറ്റിയും മാസ്റ്ററോടുള്ള വിശ്വാസം, സ്നേഹം എന്നിവയെപ്പറ്റിയും അദ്ദേഹം സംസാരിച്ചു.

90 മിനുറ്റ് നീണ്ടു നിന്ന ഈ അഭിമുഖസംഭാഷണത്തിനു ശേഷം യുവ അഭ്യാസികൾ പ്രായോഗിക തലത്തിലുള്ള കൂടുതൽ ചോദ്യങ്ങൾ ചോദിച്ചു.

ആത്മീയ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് നിത്യ ജീവിതത്തിലെ പ്രശ്നങ്ങൾ മുതിർന്ന അഭ്യാസി സഹോദരന്മാർ എങ്ങനെ പരിഹരിച്ചു എന്നത് അവരുടെ അനുഭവങ്ങളിലൂടെ മിഷനിലെ യുവ അഭ്യാസികളെ പഠിപ്പിക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. കൂടാതെ അത് സഹജമാർഗത്തെ അവരുടെ പഠന/ജോലി സ്ഥലത്തിലേക്കോ കൊണ്ടുപോകാൻ സഹായിക്കുകയും ചെയ്യും.

ഒരു യുവ അഭ്യാസിയായ നിമേഷ് പലിവലാണ് ഈ പരിപാടി നടത്തിയത്. അവിനാഷ് നന്ദി പറഞ്ഞു. 40–ൽ പരം യുവഅഭ്യാസികൾ ഈ പരിപാടിയിൽ പങ്കെടുത്തു. ഇത്തരത്തിലുള്ള പരിപാടികൾ എല്ലാ മാസവും നടത്താനും പദ്ധതിയുണ്ട്.

### മണപ്പാക്കം, തമിഴ്നാട്

ചെന്നൈയിൽ നിന്നുള്ള 50–ഓളം യുവാക്കൾക്കും കുറച്ച് വിദേശ അഭ്യാസികൾക്കും വേണ്ടി ആഗസ്റ്റ് 3–നു മണപ്പാക്കത്ത് ഒരു പരിപാടി സംഘടിപ്പിച്ചു.

ഓരോരുത്തർക്കും ഒരോ ഗുണം രേഖപ്പെടുത്തിയ കാർഡ് കൊടുത്തു. 2012 സപ്തംബർ 25–ലെ 'വിസ്പർസ്' സന്ദേശത്തോടുകൂടിയാണു പരിപാടി ആരംഭിച്ചത്. ഇതിനെ തുടർന്ന് ഐസ് ബ്രെയ്ക്കിംഗ് പരിപാടിയിൽ പങ്കാളികൾ സ്വയം പരിചയപ്പെടുത്തി തങ്ങളുടെ കാർഡിൽ രേഖപ്പെടുത്തിയ ഗുണം മറ്റുള്ളവർക്ക് ഓർക്കാൻ വേണ്ടി ഉറക്കെ പറഞ്ഞു.യുകയും ചെയ്യുന്ന ഓർമ്മക്കളിയായിരുന്നു അത്. സഹജമാർഗത്തിൽ ചേർന്നതിനു ശേഷം അവർക്ക് അനുഭവപ്പെട്ട സവിശേഷമായ സംഗതികൾ അവർ പങ്കുവെച്ചു. എല്ലാവരോടും പത്ത് പ്രമാണങ്ങൾ ഓർത്ത് പറയാൻ ആവശ്യപ്പെട്ടു. ഓരോന്നും കഴിയുന്നത്ര കൃത്യമായി പറയുകയാണു വേണ്ടിയിരുന്നത്.

'പ്രമാണ കുലം കണ്ടെത്തൂ' എന്ന പരിപാടിയിൽ ഒരോ പ്രമാണത്തിനും ചേർന്ന ഗുണങ്ങൾ കണ്ടുപിടിക്കണം. ഒരോ വ്യക്തിയും അവരവരുടെ കാർഡിലെ ഗുണത്തിനു യോജിച്ച പ്രമാണം തിരിച്ചറിയണം. കൂടാതെ അതേ പ്രമാണമുള്ള തൻെറ ടീമിലെ മറ്റുള്ളവരെ കണ്ടെത്തുകയും വേണം.

ഓരോ ടീമും 'ആശയപ്രകാശനത്തിൻെറ രീതികൾ' എന്ന വിഷയം ചർച്ച ചെയ്തു. പുതിയ അംഗങ്ങൾക്ക് സഹജമാർഗം പരിചയപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾക്കായിരുന്നു ഈ പരിപാടി ഊന്നൽ നൽകിയത്. ഉള്ളിലേക്ക് നോക്കാനും തങ്ങളുടെ ചിന്തകളെ പങ്കിടാനും ആവശ്യത്തിനു സമയം പങ്കാളികൾക്ക് കൊടുത്തിട്ടുണ്ടായിരുന്നു.

ലക്ഷ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിൻെറ പ്രാധാന്യം ഡാർട്ട്(അമ്പെയ്ത്ത്) കളിയിലൂടെ പകർന്നു നൽകിയത് എല്ലവരും ആസ്വദിച്ചു. ചായക്കു ശേഷം രണ്ട് വീഡിയോകൾ കാണിക്കുകയുണ്ടായി. 'ആധികാരികമായ ആത്മശിക്ഷണം ഉണ്ടാക്കാൻ അഞ്ച് നിർദ്ദേശങ്ങൾ', ഹൊവാർഡ് മാർട്ടിൻെറ 'ഹൃദയത്തിൻെറ ബുദ്ധിയിൽ വ്യാപൃതനാവൽ' എന്ന പ്രഭാഷണവുമായിരുന്നു ആ വീഡിയോകൾ.

പരിപാടിയുടെ അവസാനം എല്ലാവരും തങ്ങളുടെ കാഴ്ച്ചപ്പാടുകൾ പ്രകടിപ്പിച്ചു. പങ്കെടുത്തവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുകയും ചെയ്തു.



## മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

രണ്ടായിരാമാണ്ട് തൊട്ട് കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി നടപ്പിലാക്കിയിരുന്ന മൂല്യാധിഷ്ഠിത ആത്മീയ വിദ്യാഭ്യാസത്തെക്കുറിച്ച് നമുക്കെല്ലാവർക്കും നന്നായി അറിയുന്നതാണല്ലോ. ഈ പരിപാടിയിൽ നൂറിലധികം സ്കൂളുകൾ പങ്കെടുക്കുകയും മിഷൻ ഇന്ത്യയിലുടനീളം 10,000–ത്തിലധികം അദ്ധ്യാപകരെ പരിശീലിപ്പിക്കുകയും ചെയ്തു. മാസ്റ്റർക്കു ഈ പാഠ്യപദ്ധതി ഒന്നു പുന:പരിശോധിച്ചു മെച്ചപ്പെടുത്തണമെന്നുണ്ടായിരുന്നു.

നേടിയെടുത്ത അനുഭവജ്ഞാനത്തെ അടിസ്ഥാനമാക്കിക്കൊണ്ടും, പ്രവർത്തനരംഗത്തിൽ നിന്നു ലഭിക്കുന്ന പ്രതികരണം ഉൾക്കൊള്ളിച്ചും, ടീം ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഈ പാഠ്യപദ്ധതി ഇപ്പോൾ 'മൂല്യാധിഷ്ഠിത വിദ്യാഭ്യാസം' എന്നു അറിയപ്പെടുകയും 8–ാം ക്ലാസ്സ് മുതൽ 12–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കു നൽകപ്പെടുകയും ചെയ്യുന്നു. ആത്മാർത്ഥത, വിനയം, ധൈര്യം, ചുമതലാബോധം, സ്നേഹം, സ്വാതന്ത്ര്യം എന്നിങ്ങനെ ആറു പ്രധാനമൂല്യങ്ങളെ ആസ്പദമാക്കിക്കൊണ്ട് ഒരു ക്ലാസ്സിനു 20 സെഷൻ ഉണ്ടാകും. അഭ്യാസി സഹോദരങ്ങൾ നടത്തുന്ന ഈ ക്ലാസ്സുകൾ മുറപ്രകാരമുള്ള ടൈം ടേബിളിന്റെ ഭാഗമായിത്തന്നെ നടത്തപ്പെടും.

വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാനും, അവരുടെ വ്യക്തിത്വവുമായി താദാത്മ്യം പ്രാപിക്കുവാനും ഉള്ള ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട്, ക്ലാസ്സുകൾ കൂടുതൽ രസകരമാക്കുവാനും ആകർഷകമാക്കുവാനും വേണ്ടി ഈ പാഠ്യപദ്ധതി പരസ്പരസമ്പർക്കം പുലർത്തുന്നതാക്കിയിട്ടുണ്ട്. ചിന്തോപദ്ദീപകമായ ഇടപെടലുകളുടെ കൂടെ കഥകളും വീഡിയോകളും പരിശീലന പാഠങ്ങളും ഉണ്ടാവും.

2014, മെയ് മാസം ആരംഭിക്കുന്ന വിദ്യാഭ്യാസവർഷത്തിൽ, ഒൻപത് സെൻററുകളിൽ നിന്നും പതിനഞ്ച് സ്കൂളുകൾ പുതിയ മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പാഠ്യപദ്ധതി നടപ്പിലാക്കാൻ തയ്യാറായി മുന്നോട്ടു വന്നു. റേവ(2 സ്കൂളുകൾ), വഡോദര(3 സ്കൂളുകൾ), ഹൈദരാബാദ് (2 സ്കൂളുകൾ), ട്രിച്ചി(2 സ്കൂളുകൾ), മുംബൈ(1 സ്കൂൾ), ചെന്നൈ(1 സ്കൂൾ), ഡൽഹി(2 സ്കൂളുകൾ), സൂറത്(1 സ്കൂൾ), ആനന്ദ്(1 സ്കൂൾ) എന്നിവയാണ് ഈ സെൻററുകൾ.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസ അംഗങ്ങൾ ഇവരാണ്: രഞ്ജിനി ബാലാജി (ഉള്ളടക്കവും പരിശീലനവും), കാന്തി പപ്പു (സെൻററുകളുമായുള്ള ഏകോപനം), ജ്യോതി ചെറെഡ്ഡി (ഉള്ളടക്കത്തിന്റെ ഐടി ചുമതല). ഇതുകൂടാതെ സെൻറർ–തലത്തിൽ ധാരാളം വളണ്ടിയർമാരും കോ–ഓർഡിനേറ്റർമാരും ഉണ്ട്. ഇനി വരാൻ പോകുന്ന വിദ്യാഭ്യാസവർഷത്തിൽ ഈ പാഠ്യപദ്ധതിക്കു തുടക്കമിടാൻ ചില സെൻററുകളേയും സ്കൂളുകളേയും മുൻകൂട്ടി തിരഞ്ഞെടുത്തിട്ടുണ്ട്. ഈ പാഠ്യപദ്ധതി തുടങ്ങാൻ ആഗ്രഹിക്കുന്ന സെൻററുകൾ കാന്തി പപ്പുവിനെ vbe@shpt.in –ൽ ബന്ധപ്പെടാവുന്നതാണ്.

### സെൻററുകളിൽ നിന്നുള്ള അനുഭവങ്ങൾ

**വഡോദര:** പ്രാരംഭ പദ്ധതിയായതു കൊണ്ട്, ഈ ക്ലാസ്സുകൾ ബറോഡ ഹൈസ്കൂൾ(ഓ.എൻ.ജി.സി)ലെ എട്ടാം ക്ലാസ്സിൽ നാലു സെക്ഷനുകളിലും, ബറോഡ ഹൈസ്കൂൾ, അളകാപുരിയിലെ ഒൻപതാം ക്ലാസിലെ 2 സെക്ഷനുകളിലുമാണ് ആരംഭിച്ചത്. അഞ്ച് അംഗങ്ങളുടെ പിന്തുണയോടെ പത്തു വളണ്ടിയർമാരുടെ ഒരു സംഘമാണ് പഠിപ്പിക്കുവാൻ സന്നദ്ധരായിരിക്കുന്നത്. ക്ലാസ്സുകളിൽ നിർവ്വഹിക്കേണ്ട പ്രവൃത്തികൾ ചർച്ച ചെയ്യുവാനായി അവർ എല്ലാ ആഴ്ചകളിലും ഒത്തുചേരുന്നു. തേജസ് വിദ്യാലയ, ഗോത്രി, ഈ പാഠ്യപദ്ധതി അംഗീകരിക്കുകയും പഠിപ്പിക്കുന്ന ദൗത്യം ആ സ്കൂളിലെ അധ്യാപകർ ഏറ്റെടുത്തിട്ടുമുണ്ട്.. സ്കൂൾ ഭരണാധികാരികളുടെ പിന്തുണ ശ്ലാഘനീയമാണ്. കുട്ടികളിൽ നിന്നുമുള്ള പ്രതികരണം അനുകൂലമാണ്. അവർ ക്ലാസ്സുകൾ ആസ്വദിക്കുന്നുണ്ട്.


അളകാപുരി


ബിഎച്എസ് ഒഎൻജിസി

**മുംബൈ:** മഹാരാഷ്ട്രയിൽ ബില്ലബോങ്ങ് ഇൻറർനാഷനൽ ഹൈസ്കൂളിലും, നാഗോതനെ ജെഎച്.അംബാനി സ്കൂളിലും 8–ാം ക്ലാസ്സിലെ കുട്ടികൾക്ക് സെഷനുകൾ നടത്തപ്പെടുന്നുണ്ട്. ഈ രണ്ടു സ്കൂളുകളിലും പാഠ്യപദ്ധതി നടത്തപ്പെടുന്നത് നമ്മുടെ വളണ്ടിയർമാരുടെ സഹായത്തോടെയും പിന്തുണയോടും കൂടെയാണ്. രണ്ട് സ്കൂളുകളിലേയും ജീവനക്കാർ നല്ല പിന്തുണ നൽകുകയും അതേ സമയം കുട്ടികളുടെ പങ്കാളിത്തത്തെയും ക്ലാസ്സിൽ വൊളണ്ടിയർമാരുമായുള്ള അവരുടെ ആശയാവിഷ്ക്കാരത്തെയും അഭിനന്ദിക്കുകയും ചെയ്യുന്നു. അവിടെ നടത്തിയ പരിപാടികളുമായി കുട്ടികൾ ആശ്ചര്യാവഹമായി തുറന്ന് സമ്പർക്കം പുലർത്തുന്നുണ്ട്. ആദ്യത്തെ മൂല്യമായ 'ആത്മാർത്ഥത'യെപ്പറ്റി ഗ്രഹിക്കുവാൻ അവർക്കു വളരെ എളുപ്പം സാധിച്ചു. ഓരോ സെഷനിലും കൊടുക്കുന്ന ഉദ്ധരണികളെ ആസ്പദമാക്കി തങ്ങളുടെ നിരീക്ഷണങ്ങളും, ചിന്തകളും വിചാരങ്ങളും കുറിച്ചു വയ്ക്കുവാനായി ഡയറി എഴുത്ത് എന്ന ആശയത്തെ അവതരിപ്പിക്കുകയും ചെയ്തു. ക്ലാസ്സുകളിൽ എപ്പോഴും സന്തോഷഭരിതവും ലഘുവായതുമായ അന്തരീക്ഷമാണ് നിലനിൽക്കുന്നത്. ജെഎച്.അംബാനി, മറാഠി മീഡിയം സ്കൂളിലെ പ്രിൻസിപൽ അവരുടെ സ്കൂളിൽ മറാഠിയിലും ഹിന്ദിയിലും ക്ലാസ്സുകൾ നടത്താൻ സംഘത്തെ ക്ഷണിക്കുകയും ചെയ്തു.


മുംബൈ


നാഗോഥാനെ

## മണ്ണവരപ്പാഡു, നെല്ലൂർ റൂറൽ



മണ്ണവരപ്പാഡു ഗ്രാമത്തിനു സമീപത്ത് നെല്ലൂർ സെൻററിലെ അഭ്യാസികൾ 33 ഏക്കർ സ്ഥലം വിലയ്ക്കു വാങ്ങി. ഇതിൽ 5.85 ഏക്കർ സ്ഥലം ധ്യാനമന്ദിരത്തിനും അനുബന്ധ സൗകര്യങ്ങൾ ചെയ്യുന്നതിനും വേണ്ടി മാറ്റിവെക്കുകയും ബാക്കി സ്ഥലം 300 പ്ലോട്ടുകളായി ഭാഗികുകയും ചെയ്തു. മാസ്റ്ററുടെ അനുഗ്രഹത്താലും അനുമതിയോടെയും നെല്ലൂർ സെൻറർ ഇൻ ചാർജായ സഹോദരി ഉമഗംഗാധർ, ആഗസ്റ്റ് മാസം 6–ാം തീയതി, മണ്ണവരപ്പാഡുള്ള സുലോചന സദനത്തിൽ പാചകശാലയുടെ നിർമ്മാണത്തിനുള്ള തറക്കല്ലിടൽ (ഭൂമിപൂജ) കർമ്മം നിർവ്വഹിച്ചു. നിർദ്ദിഷ്ടനിർമ്മാണത്തിൽ ഏകദേശം 20 ലക്ഷം രൂപ ചിലവ് കണക്കാക്കുന്നു. 4 ലക്ഷം രൂപ ശൗചാലയ നിർമ്മാണത്തിന് നീക്കിവെച്ചു. ആഘോഷ പരിപാടികൾ സത്സംഗത്തോടുകൂടി ആരംഭിച്ചു. നെല്ലൂരിനു പുറമെ കാവാലി, ബുച്ചിറെഡ്ഢിപാലെം, സിദ്ധിപുരം, ഗുഡൂർ, വെങ്കിടഗിരി, നായിഡുപേട്ട, പൊദലകൂർ എന്നീ സെൻററുകളിൽ നിന്നും ഏകദേശം 200 ഓളം അഭ്യാസികൾ പങ്കെടുത്തു. ഈ ശുഭോദർക്കമായ മുഹൂർത്തത്തിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുവാനുള്ള പരമാവധി സഹായവും സന്നദ്ധസേവനവും നൽകുവാൻ സെൻറർ ഇൻ ചാർജ് അഭ്യാസികളെ പ്രേരിപ്പിച്ചു.

## മേഖലാസമ്മേളനം, ഹരിയാന

ആഗസ്റ്റ് 17–ാം തീയതി സോണിപത് ആശ്രമത്തിൽ മേഖലാ സമ്മേളനം (സോൺ 21) നടത്തി. സോണൽ ഇൻ ചാർജ് അധ്യക്ഷനായ സമ്മേളനത്തിൽ ഈ മേഖലയിലുള്ള പ്രിഫക്റ്റുകൾ, കൊഓർഡിനേറ്റർമാർ, ഫെസിലിറ്റേറ്റർമാർ, വ ളൻറിയറുകൾ, സെൻറർ ഇൻ ചാർജുമാർ എന്നിവർ ക്ഷണിതാക്കളായി പങ്കെടുത്തു. ഈ സമ്മേളനം വിവിധ വിഷയങ്ങളെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. മേഖലയ്ക്ക് അകത്തും, മാസ്റ്ററോടും കമലേഷ് ഭായിയോടും നേരിട്ടും ആശയവിനിമയം ചെയ്യുവാനുള്ള വിവിധ വശങ്ങ ളക്കുറിച്ച് സോണൽ ഇൻ ചാർജ് സത്യ.എൻ.മണ്ഡൽ ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകി. കൂടാതെ നമ്മുടെ മിഷൻ മുന്നോട്ടു വച്ച ആശയവിനിമയ രീതികൾ അച്ചടക്കത്തോടെ പാലിക്കേണ്ടുന്നതിൻെറ ആവശ്യകതയും അദ്ദേഹം ഊന്നിപ്പറഞ്ഞു. സമ്മേളനത്തിൽ എല്ലാ സെൻറർ ഇൻ ചാർജും, പ്രിഫക്റ്റുമാരും, വളൻറിയർമാരും സഹജമാർഗ്ഗത്തിലെ ഭടന്മാരെപ്പോലെ പ്രവർത്തിക്കാൻ സോണൽ ഇൻ ചാർജ് അപേക്ഷിച്ചു. പ്രിഫക്റ്റുകളില്ലാത്ത



സെൻററുകളിൽ ഞായറാഴ്ചയും ബുധനാഴ്ചയും ഉള്ള സത്സംഗങ്ങൾ എങ്ങനെ നടത്തണമെന്ന് ചർച്ച ചെയ്തു. സെൻറർ ഇൻ ചാർജ്, പ്രിഫെക്റ്റ് ഇൻ ചാർജ് എന്നിവർ പോയ വർഷത്തെ പുരോഗതിയും നേട്ടങ്ങളും പങ്കുവയ്ക്കുകയും സെൻററിൻെറ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപെടുത്താൻ കൈകൊണ്ട ഉദ്യമങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു. മേഖലാ കൊഓഡിനേറ്റർമാർ അവരുടെ നിർദ്ധിഷ്ട മേഖലയിലെ പരിശീലനവും പുരോഗതിയും പങ്കുവച്ചു. യു–കണക്റ്റ്, ക്രെസ്റ്റ്, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, പ്രബന്ധരചന, ഐ,ടി, അഭ്യാസി രജിസ്ട്രേഷൻ, സ്വയംസേവന മേഖലകൾ, എക്കോസ്, ഹിസ്റ്ററി പ്രോജക്റ്റ്, അക്കൗണ്ടിംഗ് എന്നിവയിലെ പുരോഗതിയെകുറിച്ച് സംസാരിച്ചു.

## ഉദയ്പൂർ, രാജസ്ഥാൻ

കമലേഷ് ഭായ് തിരുപ്പൂർ ഭണ്ഡാരയിൽ പരാമർശിച്ച പോയിൻറ് എ–യിലെ ധ്യാനവും പോയിൻറ് ബിയിലെ ശുദ്ധീകരണത്തേക്കുറിച്ചും ആഗസ്റ്റ് 3–ാം തീയതി ഉദയ്പൂർ സെൻററിൽ ബോധവൽക്കരണ ശിൽപശാല സംഘടിപ്പിച്ചു. അവിടെ സന്നിഹിതരായിരുന്ന 34 അഭ്യാസികളോട് സെൻറർ ഇൻ ചാർജ് ഈ രീതികളെക്കുറിച്ചും പോയിൻറ് എ, പോയിൻറ് ബി എന്നിവയുടെ സ്ഥാനങ്ങളെക്കുറിച്ചും വിശദീകരിച്ചു. ഈ സവിശേഷ സമ്പ്രദായത്തെപ്പറ്റി കൂടുതൽ വ്യക്തമായ ധാരണകൾ അഭ്യാസികളിൽ വളർത്തിയെടുക്കുക എന്നതായിരുന്നു ഈ ശിൽപശാലയുടെ പ്രധാന ലക്ഷ്യം. ശിൽപശാലയുടെ അവസാനത്തിൽ അഭ്യാസികളുടെ സം ശയങ്ങൾക്ക് മറുപടി നൽകുവാൻ ചോദ്യോത്തരവേളയും ഉണ്ടായിരുന്നു.



## വാർത്താശകലങ്ങൾ


മുത്തൂർ

### തമിഴ്നാട് മുത്തൂർ കേന്ദ്രത്തിൽ ആദ്യത്തെ ബുധനാഴ്ച്ച സത്സംഗം.

തമിഴ്നാട്ടിലെ കാംഗേയത്തിൽ നിന്ന് 18 കി.മി. ദൂരത്ത് സ്ഥിതിചെയ്യുന്ന ഒരു ചെറിയ പട്ടണമാണ് മുത്തൂർ. ദൂരം കാരണം അവിടെയുള്ള 6 അഭ്യാസികൾക്ക് വ്യക്തിഗത സിറ്റിംഗ് എടുക്കാൻ കഴിഞ്ഞിരുന്നില്ല. ZIC വിശ്വനാഥ റാവുവിൻെറ നിർദ്ദേശപ്രകാരം കാംഗെയത്തിൽ നിന്ന് പ്രിഫെക്റ്റുകൾ മുത്തൂരിൽ പോയി സിറ്റിംഗ് കൊടുക്കാൻ തുടങ്ങി. അഭ്യാസികളുടെ എണ്ണം 30 ആയി വർദ്ധിച്ചപ്പോൾ അവിടെ ബുധനാഴ്ച്ചകളിൽ സത്സംഗം നടത്താൻ തുടങ്ങി. ജൂൺ 5ന ആദ്യത്തെ സത്സംഗം ZIC നടത്തി. അതോടൊപ്പം ഒരു ഗൃഹസദസ്സും നടത്തി. അതിൽ കാംഗേയത്തിൽ നിന്നും അടുത്തുള്ള കേന്ദ്രങ്ങളിൽ നിന്നുമായി 30 അഭ്യാസികൾ പങ്കെടുത്തു. സത്സംഗത്തിനു ശേഷം സഹജമാർഗത്തിലെ മാസ്റ്റർമാർ, മിഷൻ, പരിശീലന പദ്ധതി, സഹജമാർഗത്തിൻെറ ആവശ്യകത, ലക്ഷ്യം എന്നീ വിഷയങ്ങളെപ്പറ്റി സംഭാഷണമുണ്ടായിരുന്നു. അഞ്ചുപേർ ഇതിൽ ചേരാൻ താത്പ്പര്യം കാണിച്ചു.

### അഹമദാബാദ് മണിനഗരിൽ ഞായറാഴ്ച്ചകളിൽ സത്സംഗം.

മാസ്റ്ററുടെ അനുവാദത്തോടുകൂടി ഇനിമേൽ കംഗെരിയ തടാകത്തിനടുത്തുള്ള മണിനഗരിലും ഞായറാഴ്ച്ചകളിൽ സത്സംഗം നടക്കും.നഗരത്തിൽ താമസിക്കുന്ന അഭ്യാസികൾക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ, നഗരത്തിൻെറ കേന്ദ്രഭാഗത്തായി സ്ഥിതിചെയ്യുന്ന സ്ഥലമാണ് മണിനഗർ. ആഗസ്റ്റ് 3-ന നടത്തിയ ആദ്യത്തെ സത്സംഗത്തിൽ 60 അഭ്യാസികൾ പങ്കെടുത്തു. ഇതിൽ 20 ശതമാനവും പല കാരണങ്ങളാൽ ഇതുവരെ സത്സംഗത്തിൽ പങ്കെടുക്കാൻ കഴിയാത്തവർ ആയിരുന്നു. എത്തിച്ചേരാനുള്ള വിഷമം കാരണം ഞായറാഴ്ച്ചകളിൽ ആശ്രമത്തിൽ സത്സംഗത്തിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് ഇതിൽ നിന്ന് പ്രയോജനം ലഭിക്കും.

### കായികമത്സര ദിവസം, അഹമദാബാദ്, ഗുജറാത്ത്

സ്വതന്ത്രദിനാഘോഷത്തോട് അനുബന്ധിച്ച് അദലജ് യോഗാശ്രമത്തിൽ ആഗസ്റ്റ് 15-ന ഒരു കായികമത്സര ദിവസമായി ആഘോഷിച്ചു. എല്ലാ അഭ്യാസികളെയും ക്ഷണിച്ചിരുന്നു. എല്ലാവരും പങ്കെടുത്തു. 7.30-ന് സത്സംഗത്തിനുശേഷം പ്രഭാത ഭക്ഷണം. അതിനുശേഷം 9.30-ന് പതാക ഉയർത്തൽ. 10 മണിമുതൽ 1 മണിവരെ കായികമത്സരം. അതിനുശേഷം ഉച്ച ഭക്ഷണമ്യൂസിക്കൽ ചെയർ, കാരംസ്, ടേബിൾ ടെന്നിസ്, സ്കിപ്പിംഗ്, സ്പൂണും നാരങ്ങയും, ചാക്കുകെട്ടി നടത്തം തുടങ്ങിയ മത്സരങ്ങളുണ്ടായിരുന്നു. എല്ലാവരും ഈ പരിപാടി ആസ്വദിച്ചു.



വരാണസി


അഹമദാബാദ്

### 2014 പ്രബന്ധരചന ശിൽപശാല, വരാണസി, ഉത്തർ പ്രദേശ്.

മേഖലാതലത്തിൽ (12ഡി) ജൂലൈ 5-ന നടത്തിയ ശിൽപ്പശാല 2014 പ്രബന്ധ രചന പരിപാടിയുടെ വിവിധ വശങ്ങൾ വളണ്ടിയർമാർക്ക് പരിചയപ്പെടുത്തിക്കൊടുക്കാൻ വേണ്ടിയുള്ളതായിരുന്നു. 27 കേന്ദ്രങ്ങളിൽ നിന്നു 60 വളണ്ടിയർമാർ പങ്കെടുത്തു. പരിപാടിയുടെ അവസാനത്തിൽ എല്ലാവർക്കും പ്രബന്ധ രചനക്കാവശ്യമായ സാധനങ്ങൾ വിതരണം ചെയ്തു.

### ലാൽപനിയ, ഝാർഖണ്ഡ്

ജുലൈ 6ന ധ്യാനത്തെ കേന്ദ്രീകരിച്ച് ഒരു അഭ്യാസി പരിശീലന പരിപാടി ഇവിടെ നടത്തി. 22 അഭ്യാസികൾ ഇതിൽ പങ്കെടുത്തു. ഇതിൽ പങ്കെടുത്തവർക്ക് പല കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. ഈ പരിപാടി മാസ്റ്റർ നൽകിയ ഒരു പാരിതോഷികമാണെന്ന് എല്ലാവർക്കും മനസ്സിലായി. അഭ്യാസികൾക്കിടയിൽ ഇത് സൗഹൃദം വളർത്തി.


ലാൽപാനിയ

## വാക്കുകൾ പ്രചാരമാക്കാൻ

### ഷോലവന്ദൻ, തമിഴ്നാട്



2014 ജൂലൈ 30-ന ഷോലവന്ദൻ കേന്ദ്രത്തിൽ ഒരു പൊതു സദസ്സ് ZIC _TN-2D രാമനാഥൻെറ ആഭിമുഖ്യത്തിൽ നടത്തി. ഇവരുടെ കൂടെ മറ്റു രണ്ട് പ്രിഫെക്റ്റ്മാരും ഉണ്ടായിരുന്നു. പൊതുജനങ്ങളും അഭ്യസികളും ചേർന്ന് അമ്പതിലധികം പേർ ഇതിൽ പങ്കെടുത്തു. സഹജ മാർഗ സാധനയെപ്പറ്റിയും പ്രാചീന കാലത്തുള്ള അതിൻെറ ഉൽഭവത്തെപ്പറ്റിയും പരിചയപ്പെടുത്തിക്കൊണ്ടാണ് പരിപാടി ആരം ഭിച്ചത്. ചർച്ചയിൽ ജനങ്ങൾ സജീവമായി പങ്കെടുത്തു; പുതുതായി വന്നവർക്ക് സഹജ മാർഗത്തിൻെറ സവിശേഷതകളെപ്പറ്റി അറിയാൻ അതീവതാത്പ്പര്യമുണ്ടായിരുന്നു.

### ഗുജറാത്ത് അഹമദാബാദ് ട്രെഷറി ഓഫീസിൽ സെമിനാർ



ട്രെഷറി ഓഫീസിൽ ജോലിചെയ്യുന്നവർക്ക് മിഷനെപ്പറ്റി വിവരിച്ചുകൊടുക്കാൻ ഒരു പ്രത്യേക പരിപാടി ആസൂത്രണം ചെയ്തു. സഹോദരൻ ജിഗ്നേഷിന് ഇതിനെപ്പറ്റി സംസാരിക്കാനായി അര മണിക്കൂർ അനുവദിച്ചിരുന്നു. മേലധികാരികളോട് അനുവാദം വാങ്ങിച്ച് നിർദ്ധിഷ്ട സമയത്തിനുള്ളിൽ സഹജമാർഗത്തിൻെറ കാര്യക്ഷമതയെപ്പറ്റി അദ്ദേഹം വിശദമായി അവതരിപ്പിച്ചു. പലരും മിഷനിൽ ചേരാൻ താത്പ്പര്യം പ്രകടിപ്പിച്ചു. ഈ വിധത്തിലുള്ള പരിപാടികൾ വീണ്ടും നടത്തണമെന്നവർ അഭിപ്രായപ്പെട്ടു.

### മംഗലാപുരം, കർണാടക



2014 ആഗസ്റ്റ് 14-ന തിങ്കളാഴ്ച്ച മംഗലാപുരത്തെ Besant First Grade Evening College-ൽ 90 വിദ്യാർത്ഥികൾക്കും 5 അദ്ധ്യാപകർക്കുമായി ഒരു പൊതു സദസ് നടത്തി. ശ്രോതാക്കൾക്ക് ആത്മീയതയുടെ പ്രാധാന്യത്തെക്കുറിച്ചും സഹജമാർഗത്തിൻെറ സവിശേഷതകളെക്കുറിച്ചും വിശദമായി വിവരിച്ചുകൊടുത്തു. 11 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ഇതിൽ ചേരാൻ താത്പ്പര്യം പ്രകടിപ്പിച്ചു. കോളേജിൽ വച്ചുതന്നെ ഇവർക്ക് സിറ്റിംഗ് കൊടുക്കാൻ സൗകര്യം ഏർപ്പെടുത്തിക്കൊടുത്തു.

### തെലുങ്കാനയിലെ കുമ്മരികുണ്ടയിൽ പുതിയ കേന്ദ്രം



കരിംനഗർ ജില്ലയിൽ വിദൂരത്ത് സ്ഥിതിചെയ്യുന്ന കുമ്മരികുണ്ടയിൽ ഇപ്പോൾ ഒരു പുതിയ കേന്ദ്രമുണ്ട്. 1992-മുതൽ ഇവിടുത്തെ 4 അഭ്യാസികൾ സത്സംഗത്തിനും വ്യക്തിഗത സിറ്റിങ്ങിനും പെദ്ദപ്പള്ളിയിലേക്കാണ് പോയിരുന്നത്. 2014 മാർച്ചിൽ ZIC ശ്രീ മധു കോത്തപ്പള്ളി പെദ്ദപ്പള്ളി സന്ദർശിച്ചപ്പോൾ ഈ അഭ്യാസികളുടെ വിഷമങ്ങൾ അറിഞ്ഞ് ഇവിടെ ഒരു കേന്ദ്രം ആവശ്യമാണെന്ന് മനസ്സിലാക്കി. ഞായറാഴ്ച്ചകളിൽ സത്സംഗം നടത്താൻ അനുവാദം നൽകി. അടുത്ത കാലത്ത് ആഗസ്റ്റ് 9-ന ZIC-യും സംഘവും ഈ കേന്ദ്രം സന്ദർശിച്ചപ്പോൾ കഴിഞ്ഞ 5 മാസത്തിനുള്ളിൽ ഇവിടുത്തെ അഭ്യാസികളുടെ എണ്ണം 24 ആയി വർദ്ധിച്ചതുകണ്ട് സന്തോഷിച്ചു. ഇവിടുത്തെ അന്തരീക്ഷം ജനങ്ങളെ ആത്മീയതയിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ളതാണെന്ന് ഈ സംഘം അഭിപ്രായപ്പെട്ടു.

## ഹുബ്ലി ആശ്രമം, കർണ്ണാടകം

## പ്രകാശ കേന്ദ്രം










റോഡ്, റെയിൽ, ആകാശമാർഗ്ഗങ്ങളാൽ നല്ല രീതിയിൽ ബന്ധിക്കപ്പെട്ട ഹുബ്ലി, വടക്കൻ കർണ്ണാടകയിലെ അതിവേഗം വളരുന്ന ഒരു നഗരമാണ്. ഇവിടെ നിന്നും ഇരുപത് കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഇതിന്റെ ഇരട്ട നഗരമായി അറിയപ്പെടുന്ന ധാർവാഡാണ് ജില്ലാ തലസ്ഥാനം.

ഹുബ്ലി സെൻറർ 1997–ൽ അന്നത്തെ മിഷന്റെ ജനറൽ സെക്രട്ടറി ആയിരുന്ന സാർനാദ്ജിയുടെ പരിശ്രമത്താൽ രണ്ട് അഭ്യാസികളുമായി തുടങ്ങി. സെൻററിന് സ്വന്തമായി ആശ്രമം ആകുന്നതു വരെ സത്സംഗങ്ങൾ സഹോ.പവാസ്കറിന്റെ വീട്, മഹിളാവിദ്യാലയ പീഠം, ബാങ്കേർസ് ക്ലബ് എന്നിവിടങ്ങളിലായി നടത്തി. അക്കാലത്ത് ഏകദേശം അൻപത് അഭ്യാസികളുണ്ടായിരുന്നു.

ആശ്രമഭൂമിയുടെ റജിസ്ട്രേഷനായി മാസ്റ്റർ 2002 ഏപ്രിൽ 5–ന് ഹുബ്ലി സന്ദർശിച്ചു. അദ്ദേഹം ട്രെയിനിലാണ് വന്നത്.

ഇവിടെ പ്രകാശം പരത്തുന്നതിന് സ്വന്തമായ ആശ്രമം ഉള്ള സെൻററിനെ മാസ്റ്റർ അനുഗ്രഹിച്ചു. ആ സന്ദർഭത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു; “ഓരൊ പ്രാവശ്യവും ഒരു പുതിയ തുണ്ട് ഭൂമി നാം നമ്മുടെ പൂജ്യബാബുജിയ്ക്ക് സമർപ്പിക്കുമ്പോൾ ഉള്ളിലൊരാനന്ദമുണ്ടാകുന്നു. കുടുംബത്തിലൊരു കുട്ടി പിറക്കുന്നതുപോലെയാണത്. ആ മഹാമാസ്റ്ററുടെ ദിവ്യഗേഹമാണ് ഓരോ ആശ്രമവും. അദ്ദേഹത്തിന്റെ സാന്നിധ്യം ആ ആശ്രമത്തിൽ ആവാഹിക്കുകയും അതിലൂടെ നാം അദ്ദേഹത്തിന്റെ തേജസ്സ് ശാശ്വതമായി നിലനിർത്തുകയും നിതാന്തമായ് ലഭ്യമാക്കുകയും ചെയ്യുന്നു.”

ആഭ്യന്തര വിമാനത്താവളത്തിൽനിന്നും, പുതിയ ബസ് സ്റ്റാൻറിൽനിന്നും ഏകദേശം 2.5 കി.മി അകലെയാണ് ആശ്രമം സ്ഥിതി ചെയ്യുന്നത്. ഏകദേശം 11 സെൻറുള്ള ഭൂമിയിൽ 1400 ച.മി. വിസ്താരമുള്ള ധ്യാനഹാളുണ്ട്. ഏകദേശം 150 അഭ്യാസികൾക്കിതിലിരിക്കാനാവും. കൂടാതെ ആശ്രമത്തിൽ അടുക്കള, ധ്യാനമന്ദിരം, ഓഫീസ് മുറി, ശൗചാലയങ്ങൾ, കുളിമുറി എന്നിവയുമുണ്ട്. ധാരാളം മരങ്ങൾ നിറഞ്ഞ മനോഹരമായ ഉദ്യാനവും കുട്ടികൾക്കായുള്ള കളിസ്ഥലവുമുണ്ട്.

മാസത്തിലെ എല്ലാ രണ്ടാം ഞായറാഴ്ചയും മുഴുദിന പരിപാടികളുണ്ടാകും. നൂറിൽ താഴെ അഭ്യാസികൾ ഞായറാഴ്ചകളിൽ സത്സംഗത്തിനുണ്ടാകും. കർണ്ണാകത്തിലെ ചില പരിശീലന പരിപാടികളും ഇവിടെ നടത്താറുണ്ട്. ടീച്ചർമാർക്കായുള്ള മൂല്യാധിഷ്ഠിത വിദ്യഭ്യാസ പരിശീലന പരിപാടി, ഫാക്കൽറ്റി വികസന പരിപാടി, പ്രസാധക ശിൽപശാല തുടങ്ങിയവയും ഇതിലുൾപ്പെടുന്നു. അഭ്യാസി പരിശീലനം, ഉപന്യാസ രചന, മിഷൻ പ്രസിദ്ധീകരണങ്ങളുടെ വിതരണം, തിരിച്ചറിയൽ കാർഡ് തയ്യാറാക്കലെന്നിവയും ഇവിടെ നടന്നുവരുന്നു.

ആശ്രമം നിലവിൽ വന്ന ശേഷം നവ്നഗർ, നവൽഗുണ്ട്, കൈഗ എന്നി സെൻററുകൾ വളർച്ച പ്രാപിച്ചു. കുടുംബ സംഗമം, പൊതുസദസ്സുകൾ, അഭ്യാസി പരിശീലനം തുടങ്ങിയവ അടുത്തുള്ള സ്ഥലങ്ങളിൽ പതിവായി നടത്താറുണ്ട്.

ഭാവിയെ മുന്നിൽക്കണ്ട്, അഞ്ച് ഏക്കർ ആശ്രമത്തിനായും ഒമ്പത് ഏക്കർ അഭ്യാസികൾക്കായും കണക്കാക്കി 14 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. നിലവിലുള്ള ആശ്രമത്തിൽനിന്നും 12കി.മി അകലെയാണ് പുതിയ സ്ഥലം. ജോയിൻറ് സെക്രട്ടറി എ.പി.ദുരൈയുടെ അടുത്തിടെ നടന്ന സന്ദർശനവേളയിൽ അഭ്യാസികളും സംഘാടകരുമായി ചർച്ച നടത്തുകയും ആശ്രമത്തിനോടനുബന്ധിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അഭ്യാസി സമൂഹം കെട്ടിപ്പടുക്കുന്നതിനുമുള്ള നിർണ്ണായക തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.



To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2014 Shri Ram Chandra Mission ("SRCM"). All rights reserved. “Shri Ram Chandra Mission", "Sahaj Marg", “SRCM”, “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.